പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .351 29/06/2015-ൽ മറുപടിക്ക്

# ഷോക്കേറ്റ് മരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വിനോദസഞ്ചാര സംഘം ഷോക്കേറ്റ് മരണമടഞ്ഞ സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പഴകി ദ്രവിച്ച തടി തൂണുകളിൽ ഇലക്ട്രിക് ലൈൻ താഴ്ന്ന കിടക്കുന്ന തിനാലാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. 15.05.2015- ൽ കോട്ടയം ഇലക്ട്രിക്കൽ സർക്കിളിലെ പുഞ്ചവള്ളം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ആലപ്പുഴപുന്നമട ഭാഗത്ത് ഒരു യുവാവ് ഷോക്കേറ്റ് മരിച്ചിട്ടുണ്ട്. പ്രസ്തുത ഇലക്ട്രിക് ലൈൻ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റുകൾ ബലമുള്ളവയും ഉയരമുള്ളവയും ആയിരുന്നു. അവയ്ക്ക് ആവശ്യമായ സ്റ്റേകളും നിയമപ്രകാരമുള്ള ക്ലിയറൻസും ഉണ്ടാ യിരുന്നു. പ്രസ്തുത വ്യക്തി ഡബിൾ ഡെക്കർ ബോട്ടിന്റെ മുകളിൽ നിന്നു യാത്ര ചെയ്യുമ്പോ ഴാണ് അപകടം സംഭവിച്ചത്. |
| (സി) ഇപ്രകാരമുള്ള അപകടങ്ങൾ ഇല്ലാതാ ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി)യും (ഡി)യും. ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) പഴക്കം ചെന്നതും അപകടകരമാം വിധം നിൽക്കുന്നതുമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**